DESPATCHED
On.02-08-21.

28/7/21

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.285(1)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.3733/SIC-Gen4/2021**

സന്നിഹിതൻ
ഡോ. വിശ്വാസ് മേത്ത, മുഖ്യവിവരാവകാശ കമ്മീഷണർ
തീയതി: 2021 ജൂലൈ 28

ശ്രീ. കെ. പ്രഭാകരൻ,
"സ്വാശ്രയ",
മട്ടാഞ്ചേരി,
കൊച്ചി – 682 002.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ,
   കൊച്ചി, എറണാകുളം.

2. അപ്പീൽ അധികാരി,
   കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ,
   കൊച്ചി, എറണാകുളം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 03/11/2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 20/11/2019, 14/7/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 16/12/2019 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 02/02/2021 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 16/03/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 27/03/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 15/07/2021 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 23/07/2021 – വീഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. കെ. പ്രഭാകരൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയിന്മേലും അപ്പീൽ അപേക്ഷയിന്മേലും യാതൊരു മറുപടിയോ രേഖകളോ എതിർകക്ഷികൾ നൽകിയില്ല എന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. എഫ്.സി.പി.ഐ – 734/12 എന്ന ഫയലിൽ നിന്നും ഭൂമി സംബന്ധമായി ഹാജരാക്കിയ ആധാരം സ്കെച്ച് എന്നിവയുടെ പകർപ്പുകൾ

ii. പ്ലാൻ, സൈറ്റ് പ്ലാൻ എന്നിവയുടെ പകർപ്പുകൾ

iii. ബിൽഡിംഗ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരുടെ നോട്ടുകളുടെ പകർപ്പുകൾ

iv. പ്ലാൻ വരച്ചു നൽകിയ ലൈസൻസിയുടെ പേര്, രജിസ്റ്റർ നമ്പർ എന്നിവയും

v. ഒക്യുപെൻസി നൽകിയെങ്കിൽ അതിലേക്ക് ഹാജരാക്കിയ രേഖകളുടെയും നോട്ടുകളുടെയും പകർപ്പുകൾ

vi. ഫയൽ കാണാതെ വന്നതിനെപ്പറ്റി നടത്തിയ അന്വേഷണ റിപ്പോർട്ടുകളുടെ പകർപ്പ്

vii. ഫയൽ കണ്ടെത്തിയെങ്കിൽ അത് എവിടെ നിന്ന് ലഭ്യമായി എന്നതിന്റെ വ്യക്തമായ വിവരം

viii. മേൽപ്പടി കെട്ടിടത്തിന് ഒക്യുപെൻസി നൽകിയ എ.ഇ.യുടെ പേരും വിലാസവും ലഭ്യമാക്കണമെന്നുമാണ്.

മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി മറുപടി നൽകാത്തതിനെ തുടർന്ന് 16/12/2019 തീയതി ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെങ്കിലും ആയത് തീർപ്പാക്കിയതായി കാണുന്നില്ല.

3. ഒന്നാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 4/11/2019–ന് നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് 20/11/2019–ൽ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, ഫോർട്ട് കൊച്ചി മറുപടി നൽകിയിട്ടുള്ളതാണെന്നും തുടർന്ന് ഫയൽ സെർച്ച് മെമ്മോ ഇഷ്യു ചെയ്യുകയും അതുപ്രകാരം നടന്ന വിശദമായ പരിശോധനയിൽ FCP1/734/12 ഫയൽ കണ്ടെത്തുകയും തുടർന്ന് ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് 14.07.2021–ന് മറുപടി നൽകുകയും ചെയ്തിട്ടുള്ളതാണെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, അപ്പീൽ ഹർജിക്കാരന്റെ അപേക്ഷയിന്മേലും ഒന്നാം അപ്പീൽ അപേക്ഷയിന്മേലും പൂർണ്ണമായ മറുപടികൾ സമയബന്ധിതമായി എതിർകക്ഷികൾ നൽകിയതായി കാണുന്നില്ല. ഹിയറിംഗുമായി ബന്ധപ്പെട്ട് റിപ്പോർട്ട് കമ്മീഷനിൽ ലഭ്യമാകാത്തതിനെ തുടർന്ന് ഫോൺ മുഖേന ഒന്നാം എതിർകക്ഷിയുമായി 13.7.2021–ന് ബന്ധപ്പെട്ടതിനെ തുടർന്ന് 14.7.2021–ന് ഒരു റിപ്പോർട്ട് തയ്യാറാക്കി കമ്മീഷനിലേക്ക് അയച്ചതായാണ് കാണുന്നത്. ടി റിപ്പോർട്ടിൽ 20.11.2019–ന് ഒന്നാം എതിർകക്ഷി ഹർജിക്കാരന് മറുപടി നൽകിയിട്ടുള്ളതായാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. എന്നാൽ കമ്മീഷനിൽ ലഭ്യമാക്കിയ ടി മറുപടിയുടെ പകർപ്പ് വായനാ യോഗ്യമല്ല എന്നതിനാൽ ഒന്നാം എതിർകക്ഷി 20.11.2019–ന് മറുപടി ഹർജിക്കാരന് അയച്ചു കൊടുത്തിരുന്നു എന്ന് സ്ഥാപിക്കുന്ന ഡെസ്പാച്ച് കം സ്റ്റാമ്പ് രജിസ്റ്ററിന്റെയും, നൽകിയ മറുപടിയുടെയും വ്യക്തമായ പകർപ്പ്, ഹർജിക്കാരന്റെ 03.11.2019–ലെ അപേക്ഷയ്ക്ക് 20.11.2019–ലും 14.7.2021–ലും മറുപടി നൽകിയതായി കാണുന്നുവെങ്കിലും 20.11.2019–ന് നൽകിയ മറുപടിയിൽ അറിയിച്ചത്, ഫയൽ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യപ്പെട്ട രേഖകൾ നൽകുന്നതാണെന്നാണ്. ആയതിനാൽ നഷ്ടപ്പെട്ട ഫയൽ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും എന്തുകൊണ്ടാണ് മറുപടി നൽകുവാൻ 14.7.2021 വരെ താമസം നേരിട്ടത് എന്നത് സംബന്ധിച്ചുമുള്ള റിപ്പോർട്ടും സഹിതം 30.7.2021–നകം കമ്മീഷൻ മുമ്പാകെ ഹാജരാക്കേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. അതുപോലെ തന്നെ 16.12.2019–ന് ഹർജിക്കാരൻ നൽകിയ ഒന്നാം അപ്പീലിന്മേലും റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ടുള്ള 27.3.2021–ലെ ഇതേ നമ്പർ കമ്മീഷൻ കത്തിന്മേലും സമയബന്ധിതമായി യാതൊരു നടപടിയും രണ്ടാം എതിർകക്ഷി സ്വീകരിച്ചിട്ടില്ല. ആയത് സംബന്ധിച്ച് രണ്ടാം എതിർകക്ഷിയുടെ വിശദീകരണവും 30.7.2021–നകം കമ്മീഷനിൽ ഹാജരാക്കേണ്ടതാണെന്നു കമ്മീഷൻ നിർദ്ദേശിക്കുന്നു. മേൽ പരാമർശിച്ച റിപ്പോർട്ടും വിശദീകരണവും പരിശോധിച്ചശേഷം വിവരാവകാശ നിയമ പ്രകാരം സമയബന്ധിതമായി മറുപടി നൽകുന്നതിലും/അപ്പീൽ തീർപ്പാക്കുന്നതിലും വീഴ്ച ഉണ്ടായിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതുമായി ബന്ധപ്പെട്ട് എതിർകക്ഷികൾക്കെതിരെ വിവരാവകാശ നിയമം സെക്ഷൻ 20(1) പ്രകാരം ശിക്ഷാനടപടികൾ സ്വീകരിക്കേണ്ടതുണ്ടോ എന്നും കമ്മീഷൻ തീരുമാനം എടുക്കുന്നതാണ്.

5. ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ 14.7.2021–ന് നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും ആയത് കിട്ടിയിട്ടില്ലെന്ന് ഹിയറിംഗ് വേളയിൽ ഹർജിക്കാരൻ അറിയിച്ചിരിക്കുന്ന സാഹചര്യത്തിൽ

വ്യക്തമായ മറുപടി തയ്യാറാക്കി 30.7.2021-നകം ഹർജിക്കാരന് സൗജന്യമായി നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 ജൂലൈ 28-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

us

RIGHT TO INFORMATION